**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3852** **17-03-2025 - ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ടൗൺഷിപ്പിനായുള്ള കല്ലിടീൽ ചടങ്ങ് 2025 മാർച്ച് 27-ന് നിർവഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പുനരധിവാസത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അപാകതകൾ ഉള്ളതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ പുനരധിപ്പിക്കേണ്ടവരുടെ അന്തിമ പട്ടിക 07/02/2025 പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടം അന്തിമലിസ്റ്റിൽ 242 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ഫേസ് 2A കരട് ലിസ്റ്റ് - 11/03/2025 തീയതിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2A ലിസ്റ്റിൽ 87 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. നോ-ഗോ സോണിന് പുറത്തായി സ്ഥിതി ചെയ്യുന്ന ദുരന്ത കാരണം ഒറ്റപ്പെട്ടു പോകുന്ന വീട്ടുകളെ ഉൾപ്പെടുത്തിയിട്ടുള്ള കരട് ഫേസ് 2B ലിസ്റ്റ്, നോ-ഗോ സോണിന്റെ പരിധിയിൽ നിന്ന് 50 മീറ്ററിനുള്ളിൽ പൂർണ്ണമായി ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയിലുള്ള വീടുകൾ മാത്രം പരിഗണിച്ചുകൊണ്ട് തിട്ടപ്പെടുത്താൻ 28/02/2025 ലെ സ.ഉ(കൈ)നം.3/2025/ഡി.എം.ഡി പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച അപ്പീൽ അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പുനരധിവാസ നടപടികൾ പൂർണ്ണമായി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (സി) | ടൗൺഷിപ്പിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ